# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 1253**

**02.03.2017–ന് മറുപടിയ്ക്ക്**

## വിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജെയിംസ് മാത്യു<br>,, കെ.ഡി. പ്രസേനൻ<br>,, പുരുഷൻ കടലുണ്ടി<br>,, ജോൺ ഫെർണാണ്ടസ് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാഭ്യാസ മേഖലയുടെ ഉന്നമനത്തിനായി 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ടി പദ്ധതിയുടെ ഭാഗമായി സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ 8 മുതൽ 12 വരെ ക്ലാസുകൾ ഹൈടെക്കാക്കുന്ന പദ്ധതിയുടെ പൈലറ്റ് പ്രവർത്തനങ്ങൾ 4 മണ്ഡലങ്ങളിൽ നടന്നു വരികയാണ്. സ്കൂളുകൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കുക, അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക പരിശീലനം, ഐസിടി അധിഷ്ഠിത പഠനപ്രവർത്തനങ്ങൾ, ഐസിടി അധിഷ്ഠിത ഉള്ളടക്കം, പ്രത്യേക ഐസിടി പാഠപുസ്തകങ്ങൾ. ഐടി പരീക്ഷ എന്നീ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു. |
| (ബി) പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ ആവിഷ്ക്കരിച്ചിട്ടുള്ള കർമ്മപദ്ധതികൾ ഏതൊക്കെയാണ്; | (ബി) പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്കൂളുകൾക്കാവശ്യമായ നവീകരണ |

പ്രവർത്തനങ്ങൾ നടത്തുന്നതിനും ശിശുകേന്ദ്രീകൃതമായ അദ്ധ്യയനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കാലാനുസൃതമായ അദ്ധ്യാപന പരിശീലന പരിപാടികൾ കൂടി ഉൾപ്പെടുത്തി വിവരസാങ്കേതിക വിദ്യാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതി പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. കൂടാതെ കുട്ടികളുടെ നൈസർഗ്ഗികമായ അക്കാദമികേതര/ പാഠ്യേതര കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) വിദ്യാലയങ്ങളിൽ ഹരിതകേരളം പദ്ധതിയുടെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് 'ഗ്രീൻ പ്രോട്ടോക്കോൾ' നടപ്പിലാക്കിയിട്ടുണ്ടോ;

(സി) നടപ്പിലാക്കി വരുന്നു.

(ഡി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(ഡി) പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്ലാസ്റ്റിക് - കീടനാശിനി - ലഹരി മുക്ത കാമ്പസുകൾ സൃഷ്ടിക്കുക.
2) കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുക, മാലിന്യ നിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തുക.
3) സ്കൂളുകളിൽ തനതായ ഒരു പഠനാന്തരീക്ഷം സൃഷ്ടിക്കുക.
4) പരിസ്ഥിതി സംരക്ഷണ - പരിസ്ഥിതി പഠന പ്രവർത്തനങ്ങളിൽ മാതൃക സൃഷ്ടിക്കുക.

സെക്ഷൻ ഓഫീസർ